# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 07-04-2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1.) സംസ്ഥാനത്ത് പരസ്യപ്രചാരണം ഇന്ന് അവസാനിക്കാനിരിക്കേ, കൊട്ടിക്കലാശം ആവേശകരമാക്കാനൊരുങ്ങി മുന്നണികൾ. കേരളത്തിലും അസമിലും പുതുച്ചേരിയിലും വോട്ടെടുപ്പ് മറ്റന്നാൾ.

**With the campaign period set to end today, political fronts gear up for a high-voltage finale; polling in Kerala, Assam, and Puducherry the day after tomorrow.**

2) സംസ്ഥാനത്ത് മത്സരരംഗത്തുള്ളത് 883 സ്ഥാനാർത്ഥികൾ. ഹോം വോട്ടിങ്ങ് 98 ശതമാനം പൂർത്തിയായതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. തിരഞ്ഞെടുപ്പിനുള്ള സുരക്ഷാ ക്രമീകരണങ്ങൾ സംസ്ഥാനത്ത് പൂർത്തിയായി.

आकाशवाणी

**A total of 883 candidates are in the fray in the state. Chief Electoral Officer Ratan U Kelkar said 98% of home voting has been completed; security arrangements for the elections are in place.**

3) അതിഥി തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നതിനായി, അഞ്ച് കിലോഗ്രാം **LPG** സിലിണ്ടറുകളുടെ പ്രതിദിന വിഹിതം ഇരട്ടിയാക്കി കേന്ദ്ര സർക്കാർ.

**The government has decided to double the daily allocation of five kilogram free trade LPG (FTL) cylinders available for distribution to migrant labourers across states.**

4) പശ്ചിമേഷ്യൻ സംഘർഷം രൂക്ഷമായി തുടരുന്നു. ഇറാന്റെ ഊർജ്ജ അടിസ്ഥാന സൗകര്യങ്ങളിൽ ആക്രമണം നടത്തി ഇസ്രായേൽ.

**The West Asian conflict continues to intensify; Israel launches attacks on Iran's energy infrastructure.**

5) ഇന്ന് ലോകാരോഗ്യദിനം. ആരോഗ്യ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനും, ഒരുമിച്ച് പ്രവർത്തിക്കണമെന്ന് ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി .

**World Health Day is being observed today; Prime Minister Narendra Modi calls for collective efforts to strengthen healthcare systems.**

6) ഐപിഎൽ ക്രിക്കറ്റിൽ, ഇന്ന് രാജസ്ഥാൻ റോയൽസ്-മുംബൈ ഇന്ത്യൻസിനെ നേരിടും.

**In IPL cricket , Rajasthan Royals will take on Mumbai Indians today.**

&&&&&&&&&&&&&&&&&&

**HEADLINE-1 & 2**

**ELECTION DESK (INTRO)**

സംസ്ഥാനത്ത് നിയമസഭാ തിരഞ്ഞെടുപ്പിനുള്ള പരസ്യപ്രചാരണം ഇന്ന് വൈകിട്ട് 6 മണിയോടെ അവസാനിക്കും. കൊട്ടിക്കലാശം ആവേശകരമാക്കാനുള്ള തയ്യാറെടുപ്പിലാണ് മുന്നണികൾ. മുൻനിര നേതാക്കളെയടക്കം എത്തിച്ചുള്ള ആവേശകരമായ പ്രചാരണത്തിനാണ് കേരളം ഈ ദിവസങ്ങളിൽ സാക്ഷ്യം വഹിച്ചത്. മറ്റന്നാളാണ് സംസ്ഥാനത്ത് വോട്ടെടുപ്പ്. 140 നിയമസഭ മണ്ഡലങ്ങളിലായി 883 സ്ഥാനാർത്ഥികളാണ് ഇക്കുറി ജനവിധി തേടുന്നത്. 2.71 കോടി വോട്ടർമാർ സംസ്ഥാനത്ത് സമ്മതിദാനാവകാശം വിനിയോഗിക്കും. പരസ്യപ്രചാരണം അവസാനിച്ച ശേഷമുള്ള 48 മണിക്കൂർ സംസ്ഥാനത്ത് നിശബ്ദ പ്രചാരണമായിരിക്കും നടക്കുക. ഈ സമയത്ത് പ്രകടനങ്ങളോ മൈക്ക് കെട്ടിയുള്ള പ്രചാരണങ്ങളോ പാടില്ല. നിശബ്ദ പ്രചാരണത്തിൽ പാലിക്കേണ്ട കർശന നിയന്ത്രണങ്ങൾ സംബന്ധിച്ച് തിരഞ്ഞെടുപ്പ് കമ്മീഷൻ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. വോട്ടർമാർ ഭയരഹിതമായി വോട്ട് രേഖപ്പെടുത്തുന്ന സാഹചര്യം ഉറപ്പാക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നതെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ വ്യക്തമാക്കി.

വിശദാംശങ്ങളിലേക്ക്........
(ഹോൾഡ് വോയ്സ്......)

വോട്ടെടുപ്പ് അവസാനിക്കുന്നതിന് മുൻപുള്ള 48 മണിക്കൂർ നേരം പൊതുയോഗങ്ങളോ, പ്രകടനങ്ങളോ നടത്താൻ പാടില്ല. ജാഥകൾ, ഘോഷയാത്രകൾ, സംഗീത പരിപാടികൾ, നാടകങ്ങൾ അല്ലെങ്കിൽ വോട്ടർമാരെ ആകർഷിക്കുന്ന തരത്തിലുള്ള മറ്റ് വിനോദ പരിപാടികൾ എന്നിവയ്ക്കും നിരോധനമുണ്ട്. ടെലിവിഷൻ, സിനിമ തുടങ്ങിയവ വഴി തിരഞ്ഞെടുപ്പ് സംബന്ധമായ കാര്യങ്ങൾ പ്രദർശിപ്പിക്കുന്നതും നിരോധിച്ചിട്ടുണ്ട്. റേഡിയോ വഴിയുള്ള പ്രചാരണങ്ങൾക്കും നിരോധനം ബാധകമാണ്. വോട്ടെടുപ്പ് ദിവസവും അതിന്റെ തലേദിവസവും പത്രങ്ങളിൽ രാഷ്ട്രീയ പരസ്യങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് മീഡിയ സർട്ടിഫിക്കേഷൻ ആൻഡ് മോണിറ്ററിംഗ് കമ്മിറ്റിയുടെ മുൻകൂർ അനുമതി ആവശ്യമാണ്. മണ്ഡലത്തിലെ വോട്ടർമാരല്ലാത്ത പുറത്തുനിന്നുള്ള രാഷ്ട്രീയ പ്രവർത്തകരും പാർട്ടി ഭാരവാഹികളും

*ப്രചാരണ സമയം അവസാനിച്ചാലുടൻ മണ്ഡലം വിട്ടു പോകണമെന്നും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ നിർദേശിച്ചു.*

*ന്യൂസ് ഡെസ്ക് ആകാശവാണി.*

&&&&&&&&&&&&&&&&&

**RATHAN KELKAR (INTRO)**

*സംസ്ഥാനത്ത് വോട്ടെടുപ്പിനുള്ള ക്രമീകരണങ്ങൾ പൂർത്തിയായതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു. കേൽക്കർ. തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സംസ്ഥാനത്ത് ഹോം വോട്ടിങ്ങ് 98 ശതമാനം പൂർത്തിയായി. പോളിങ്ങ് ജീവനക്കാരിൽ 40 ശതമാനം പേർ ഇതിനകം വോട്ട് ചെയ്തു. സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി 160 സംഘം കേന്ദ്ര സേനയെ സംസ്ഥാനത്ത് വിന്യസിച്ചതായും ശ്രീ കേൽക്കർ പറഞ്ഞു.*

*എക്സിറ്റ് പോളുകൾക്ക് ഈ മാസം 29-ാം തീയതി വൈകുന്നേരം 6 മണിവരെ നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇന്ന് വൈകുന്നേരം മുതൽ 48 മണിക്കൂർ മദ്യനിരോധനം സംസ്ഥാനത്ത് പ്രാബല്യത്തിൽ വരുമെന്നും അദ്ദേഹം അറിയിച്ചു.*

*(ഹോൾഡ്)*

&&&&&&&&&&&&&&&&&

**ELECTION-STATE POLICE**

നിയമസഭാ തിരഞ്ഞെടുപ്പ് സുഗമവും സുതാര്യവുമായി നടത്തുന്നതിനുള്ള എല്ലാ സുരക്ഷാക്രമീകരണങ്ങളും പൂർത്തിയാക്കിയതായി സംസ്ഥാന പോലീസ് മേധാവി റവാഡാ ചന്ദ്ര ശേഖർ. സംസ്ഥാനം മുഴുവൻ പ്രത്യേക സുരക്ഷാമേഖലകളാക്കി തിരിച്ച് ഉന്നത ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ 76,000 ത്തിലധികം പോലീസ് ഉദ്യോഗസ്ഥരെയാണ് സുരക്ഷയൊരുക്കുന്നതിന് നിയോഗിച്ചിട്ടുള്ളത്. 2,500 പ്രശ്ന ബാധിത ബൂത്തുകളാണ് ഉള്ളത്. ലോക്കൽ പോലീസിനു പുറമേ സ്പെഷ്യൽ യൂണിറ്റുകൾ, ബറ്റാലിയനുകൾ, മറ്റ് ഡിപ്പാർട്ട്മെന്റുകളിലെ സേനാംഗങ്ങളെയും ഡ്യൂട്ടിക്കായി നിയോഗിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&

**PALAKKAD ELECTION (INTRO)**

***പ്രചരണ സമാപനത്തിന്റെ ഭാഗമായി പാലക്കാട് മണ്ഡലത്തിൽ മൂന്ന് മുന്നണികളുടെയും കലാശക്കൊട്ട് നഗരത്തിലെ സുൽത്താൻ പേട്ട ജങ്ഷനിൽ നടക്കും.***

***വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത്.....***

***(വോയിസ്)***

&&&&&&&&&&&&&&&&&&

**Election Other States**

കേരളത്തിന് പുറമേ, വ്യാഴാഴ്ച വോട്ടെടുപ്പ് നടക്കുന്ന പുതുച്ചേരിയിലും, അസമിലും പരസ്യപ്രചാരണം ഇന്ന് അവസാനിക്കും. അസമിലെ 126 മണ്ഡലങ്ങളിലേക്കും, പുതുച്ചേരിയിലെ 30 മണ്ഡലങ്ങളിലേക്കുമാണ് തിരഞ്ഞെടുപ്പ് നടക്കുന്നത്. ഈ മാസം 23 ന് വോട്ടെടുപ്പ് നടക്കുന്ന തമിഴ്നാട്ടിൽ പത്രികകളുടെ സൂക്ഷ്മ പരിശോധന ഇന്ന് നടക്കും. പശ്ചിമ ബംഗാൾ ആദ്യഘട്ട തിരഞ്ഞെടുപ്പിലെ പത്രികകളുടെ സൂക്ഷ്മ പരിശോധനയും ഇന്നാണ് നടക്കുന്നത്. ഈ മാസം 23 നും, 29 നും രണ്ട് ഘട്ടങ്ങളായാണ് പശ്ചിമ ബംഗാളിൽ വോട്ടെടുപ്പ്. കേരളമടക്കം തിരഞ്ഞെടുപ്പ് നടക്കുന്ന നാല് സംസ്ഥാനങ്ങളിലും പുതുച്ചേരിയിലും വോട്ടെണ്ണൽ മെയ് നാലിനാണ്.

&&&&&&&&&&&&&&&&&&

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്......

(ബ്രേക്ക്)

&&&&&&&&&&&&&&&&&&

**HEADLINE-3**

## GOVT – LPG DOUBLE

സംസ്ഥാനങ്ങളിലെ അതിഥി തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നതിനായി, അഞ്ച് കിലോഗ്രാം, ഫ്രീ ട്രേഡ് LPG സിലിണ്ടറുകളുടെ പ്രതിദിന വിഹിതം ഇരട്ടിയാക്കാൻ തീരുമാനിച്ച് കേന്ദ്ര സർക്കാർ . ഇതുസംബന്ധിച്ച് പെട്രോളിയം, പ്രകൃതിവാതക മന്ത്രാലയം സെക്രട്ടറി നീരജ് മിത്തൽ എല്ലാ സംസ്ഥാനങ്ങളിലെയും ചീഫ് സെക്രട്ടറിമാർക്ക് കത്ത് എഴുതി. അതിഥി തൊഴിലാളികൾക്ക് നൽകുന്ന സിലിണ്ടറുകളുടെ ശരാശരി ദൈനംദിന വിതരണത്തെ അടിസ്ഥാനമാക്കിയായിരിക്കും വിഹിതത്തിലെ വർദ്ധന എന്നും പെട്രോളിയം മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&&&

## HEADLINE-4

## REV DAY WEST ASIA

പശ്ചിമേഷ്യൻ സംഘർഷം രൂക്ഷമായി തുടരുന്നു. ഇറാന്റെ ഊർജ്ജ അടിസ്ഥാന സൗകര്യങ്ങളിൽ ഇസ്രായേൽ ഇന്നലെ ആക്രമണം നടത്തി. ഇറാന്റെ ഏറ്റവും വലിയ വാതക കേന്ദ്രമായ അസലുയെയിലെ സൗത്ത് പാർസ് വാതക പാടം ഇസ്രായേൽ ആക്രമിച്ചു. സൗദി അറേബ്യയിലെ മിസൈൽ ആക്രമണങ്ങളും അൽ ജുബൈലിലെ തീപിടുത്തവും ഇറാന്റെ ഊർജ്ജ കേന്ദ്രങ്ങളിൽ ഉണ്ടായ ആക്രമണങ്ങളും പ്രാദേശിക അസ്ഥിരതയെക്കുറിച്ചുള്ള ആശങ്കകൾ ഉയർത്തുന്നു. അതേസമയം, ടെഹ്റാൻ ഹോർമുസ് കടലിടുക്ക് സമയപരിധിക്ക് മുമ്പ് വീണ്ടും തുറന്നില്ലെങ്കിൽ, അമേരിക്ക ഒറ്റ രാത്രി കൊണ്ട് ഇറാനെ നശിപ്പിക്കുമെന്ന് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് മുന്നറിയിപ്പ് നൽകി. സൗദി അറേബ്യയെ ബഹ്റൈനുമായി ബന്ധിപ്പിക്കുന്ന പ്രധാന പാലമായ കിംഗ് ഫഹദ് കോസ്‌വേ, ഇറാനിയൻ ആക്രമണ ഭീഷണിയെത്തുടർന്ന് ഇന്ന് പുലർച്ചെ അടച്ചു.

&&&&&&&&&&&&&&&&&&

## HEADLINE-5

## WORLD HEALTH DAY-PM, VP

ഇന്ന് ലോകാരോഗ്യദിനം.1948 ഏപ്രിൽ 7 ന് ലോകാരോഗ്യ സംഘടന സ്ഥാപിതമായതിന്റെ സ്മരണാർത്ഥമാണ് ദിനാചരണം. ആരോഗ്യ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനും, വൈയക്തിക ക്ഷേമത്തിന് മുൻഗണന നൽകുന്നതിനും ഒരുമിച്ച് പ്രവർത്തിക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ആഹ്വാനം ചെയ്യു. ആരോഗ്യകരമായ ഭൂമിക്കായി പ്രവർത്തിക്കുന്നവർക്ക് അദ്ദേഹം നന്ദി രേഖപ്പെടുത്തി. സന്തോഷകരവും സമൃദ്ധവുമായ ഒരു സമൂഹത്തിന്റെ അടിത്തറയാണ് ആരോഗ്യമെന്ന് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ പറഞ്ഞു.

&&&&&&&&&&&&&&&&&

**PRESIDENT-ANDHRAPRADESH**

ആന്ധ്രാപ്രദേശിന്റെ തലസ്ഥാനമായി അമരാവതിയെ പ്രഖ്യാപിക്കുന്ന ആന്ധ്രാപ്രദേശ് പുനഃസംഘടന (ഭേദഗതി) 2026 ന് രാഷ്ട്രപതി ദ്രൗപദി മുർമു അംഗീകാരം നൽകി. ബജറ്റ് സമ്മേളനത്തിൽ കഴിഞ്ഞ ആഴ്ചയാണ് പാർലമെൻറ് ബിൽ പാസാക്കിയത്.

&&&&&&&&&&&&&&&&&

**NEUCLEAR POWER-PM**

ആണവോർജ മേഖലയിൽ രാജ്യത്തിന് ചരിത്രനേട്ടം പകർന്ന് തമിഴ്നാട്ടിലെ കൽപ്പക്കത്തുള്ള പ്രോട്ടോടൈപ്പ് ഫാസ്റ്റ് ബ്രീഡർ റിയാക്ടർ പ്രവർത്തനക്ഷമമായി. പൂർണതോതിലുള്ള ഊർജ ഉൽപ്പാദനത്തിന് മുന്നോടിയായുള്ള ഏറ്റവും പ്രധാനപ്പെട്ട ഘട്ടമാണിത്. ആണവോർജ മേഖലയിലെ ഇന്ത്യയുടെ നിർണായക ചുവടുവെപ്പാണിതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. നേട്ടത്തിന് പിന്നിൽ പ്രവർത്തിച്ച ശാസ്ത്രജ്ഞരെയും എഞ്ചിനീയർമാരെയും പ്രധാനമന്ത്രി അഭിനന്ദിച്ചു. 500 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ ശേഷിയുള്ള റിയാക്ടർ പൂർണമായി പ്രവർത്തന സജ്ജമാകുന്നതോടെ റഷ്യയ്ക്ക് ശേഷം ഈ നേട്ടം കൈവരിക്കുന്ന ലോകത്തെ രണ്ടാമത്തെ രാജ്യമായി ഇന്ത്യ മാറും.

&&&&&&&&&&&&&&&&&

**HEADLINE-6**

**I P L**

ഐപിഎൽ ക്രിക്കറ്റിൽ, ഇന്ന് രാജസ്ഥാൻ റോയൽസ്-മുംബൈ ഇന്ത്യൻസിനെ നേരിടും. രാത്രി 7:30 ന് ഗുവാഹത്തിയിലാണ് മത്സരം. ഇന്നലത്തെ കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്- പഞ്ചാബ് കിംഗ്സ് മത്സരം മഴ മൂലം ഉപേക്ഷിച്ചിരുന്നു.

&&&&&&&&&&&&&&&&&

**I S L**

ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് ചെന്നൈയിൻ FC, ഇൻ്റർ കാശിയെ നേരിടും. രാത്രി 7.30 നു ചെന്നൈയിലാണ് മത്സരം .

&&&&&&&&&&&&&&&&&

**WHO-GAZA EVACUATION**

WHO നിയോഗിച്ച കരാർ തൊഴിലാളി ആക്രമണത്തിൽ കൊല്ലപ്പെട്ടതിനെത്തുടർന്ന് ഗാസയിൽ നിന്ന് രോഗികളെ ഒഴിപ്പിക്കുന്നത് താൽക്കാലികമായി നിർത്തിവച്ച്, ലോകാരോഗ്യ സംഘടന. മേഖലയിലെ പൗരന്മാരുടെയും സന്നദ്ധ സേവകരുടെയും സംരക്ഷണം ഉറപ്പാക്കണമെന്നും ലോകാരോഗ്യ സംഘടന മേധാവി ടെഡ്രോസ് അഥ്നോം ഗെബ്രിയേസസ് ആവശ്യപ്പെട്ടു. 2023 ഒക്ടോബർ മുതൽ ഗാസയിൽ നടന്ന ആക്രമണങ്ങളിൽ 1,700-ലധികം ആരോഗ്യ പ്രവർത്തകർ കൊല്ലപ്പെട്ടതായാണ് റിപ്പോർട്ടുകൾ.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&